**മധുരമായ കുട്ടികളെ– പാവനമായി മാറി ഗതി–സദ്ഗതിയ്ക്ക് യോഗ്യരായിത്തീരു. പതിതമായ ആത്മാവ് ഗതി– സദ്ഗതിയ്ക്ക് യോഗ്യരല്ല. പരിധിയില്ലാത്ത അച്ഛൻ നിങ്ങളെ പരിധിയില്ലാത്ത യോഗ്യരാക്കുകയാണ്.**

**ചോദ്യം–** പിതാവ്രത എന്ന് ആരെയാണ് പറയുക? അവരുടെ ലക്ഷണങ്ങൾ കേൾപ്പിക്കൂ?
**ഉത്തരം–** പിതാവ്രത അവരാണ് ആരാണോ അച്ഛന്റെ ശ്രീമത്തിലൂടെ പരിപൂർണ്ണമായി നടക്കുന്നത്, അശരീരിയാകുന്നതിനുള്ള അഭ്യാസം ചെയ്യുന്നത്, അവ്യഭിചാരീ ഓർമ്മയിൽ ഇരിക്കുന്നത്, ഇങ്ങനെയുള്ള തെളിവുനൽകുന്ന സൽപുത്രർക്കേ സർവ്വകാര്യങ്ങളും ധാരണചെയ്യാൻ സാധിക്കു. അവരുടെയുള്ളിൽ സദാ സർവ്വീസിനെപ്രതിയുള്ള ചിന്തകളായിരിക്കും നടന്നുകൊണ്ടിരിക്കുക. അവരുടെ ബുദ്ധിയാകുന്ന പാത്രം സദാ പവിത്രമായിക്കൊണ്ടിരിക്കും. അവർക്ക് ഒരിയ്ക്കലും ഉപേക്ഷിച്ച് പോകാൻ സാധിക്കില്ല.

**ഗീതം–** എനിക്ക് ആശ്രയം നൽകുന്നവനേ..............

**ഓംശാന്തി**. കുട്ടികൾ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് നന്ദി പറയുകയാണ്. എല്ലാവരും ഒരുപോലെയല്ല നന്ദി പറയുന്നത്, ആരാണോ നല്ലവണ്ണം നിശ്ചയബുദ്ധിയായിട്ടുള്ളത് പിന്നെ ആരാണോ അച്ഛന്റെ സേവനത്തിൽ ഹൃദയം അഥവാ ജീവൻ വെച്ചിട്ടുള്ളത്, വളരെ സ്നേഹത്തോടെയും പ്രേമത്തോടെയും ഇരിക്കുന്നത്, അവർ ഉള്ളിൽ നിന്നും നന്ദി പ്രകാശിപ്പിക്കുന്നു– ബാബാ അങ്ങ് അത്ഭുതം തന്നെയാണ്, ഞങ്ങൾക്കാണെങ്കിൽ ഒന്നും അറിയില്ലായിരുന്നു. ഞങ്ങൾക്ക് അങ്ങയുമായി കൂടിക്കാഴ്ച നടത്താനുള്ള യോഗ്യതയുണ്ടായിരുന്നില്ല. തീർച്ചയായും അങ്ങിനെതന്നെയാണ്, മായ എല്ലാവരേയും അയോഗ്യരാക്കി മാറ്റി. അവർക്ക് അറിയുകതന്നെയില്ല സ്വർഗ്ഗത്തിന് യോഗ്യരാക്കി മാറ്റുന്നത് ആരാണ് പിന്നീട് നരകത്തിന് യോഗ്യരാക്കി മാറ്റുന്നത് ആരാണ്? അവർ കരുതുന്നു ഗതി–സദ്ഗതി രണ്ടിനും യോഗ്യരാക്കി മാറ്റുന്നത് അച്ഛനാണ്. അല്ലെങ്കിൽ പിന്നെ അവിടേയ്ക്ക് യോഗ്യരായി ആരുംതന്നെയില്ല. സ്വയം പറയുന്നുമുണ്ട് ഞങ്ങൾ പതിതരാണ്. ഈ ലോകം തന്നെ പതിതമാണ്. സാധു സന്യാസിമാർ ആർക്കും തന്നെ അച്ഛനെ അറിയില്ല. ഇപ്പോൾ അച്ഛൻ നിങ്ങൾ കുട്ടികൾക്ക് തന്റെ പരിചയം നൽകി. അച്ഛനുതന്നെ വന്ന് പരിചയം നൽകണം എന്നത് നിയമമാണ്. ഇവിടെ വന്നുതന്നെ യോഗ്യരാക്കി മാറ്റണം, പാവനമാക്കി മാറ്റണം. അവിടെയിരുന്നുകൊണ്ട് തന്നെ പാവനമാക്കി മാറ്റാമായിരുന്നെങ്കിൽ പിന്നെ ഇത്രയും അയോഗ്യരായി എങ്ങനെ മാറി?

നിങ്ങൾ കുട്ടികൾ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ് നിശ്ചയബുദ്ധിയാവുന്നത്. അച്ഛന്റെ പരിചയം എങ്ങനെ നൽകണം എന്ന കാര്യത്തിലും ബുദ്ധി വേണം. ശിവായ നമ: എന്നു തീർച്ചയായും പറയുന്നുണ്ട്. അവർ തന്നെയാണ് ഉയർന്നതിലും ഉയർന്ന മാതാപിതാവ്. ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാർ രചനകളാണ്. അവരെ രചിക്കാൻ തീർച്ചയായും അച്ഛനുണ്ടാകും, അമ്മയും ഉണ്ടാകണം. എല്ലാവരുടേയും ഈശ്വരീയ പിതാവ് തീർച്ചയായും ഒന്ന് തന്നെയാണ്. നിരാകാരനെത്തന്നെയാണ് ഈശ്വരൻ എന്ന് പറയുന്നത്. രചയിതാവ് എപ്പോഴും ഒന്നായിരിക്കും. ആദ്യമാദ്യം അല്ലാഹുവിന്റെ പരിചയമാണ് നൽകേണ്ടത്. യുക്തിയുക്തമായി പരിചയം എങ്ങനെ നൽകാൻ സാധിക്കും എന്നതും മനസ്സിലാക്കണം. ഭഗവാൻ തന്നെയാണ് ജ്ഞാനസാഗരൻ, അവർ തന്നെയാണ് വന്ന് രാജയോഗം പഠിപ്പിച്ചത്. ആ ഭഗവാൻ ആരാണ്? ആദ്യം അല്ലാഹുവിന്റെ പരിചയം നൽകണം. അച്ഛനും നിരാകാരനാണ്, ആത്മാവും നിരാകാരനാണ്. ആ നിരാകാരനായ അച്ഛൻ വന്ന് കുട്ടികൾക്ക് സമ്പത്ത് നൽകുന്നു. ആരിലൂടെയെങ്കിലും മനസ്സിലാക്കിത്തരുമല്ലോ. അല്ലെങ്കിൽ പിന്നെങ്ങിനെ രാജാക്കന്മാരുടേയും രാജാവാക്കി മാറ്റി? സത്യയുഗീ രാജ്യം ആരാണ് സ്ഥാപിച്ചത്? സ്വർഗ്ഗത്തിന്റെ രചയിതാവ് ആരാണ്? തീർച്ചയായും സ്വർഗ്ഗസ്ഥനായ ഈശ്വരീയ പിതാവായിരിക്കും. അവർ നിരാകാരനായിരിക്കണം. ആദ്യമാദ്യം അച്ഛന്റെ പരിചയം നൽകേണ്ടിവരുന്നു. കൃഷ്ണനേയോ ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരെയോ അച്ഛൻ എന്ന് വിളിക്കില്ല. അവരെയും രചിക്കുകയാണ് ചെയ്യുന്നത്. സൂക്ഷ്മവതനത്തിലുള്ളവരെത്തന്നെ രചിക്കുകയാണെങ്കിൽ അവരും രചനകളായിരിക്കും, പിന്നെ സ്ഥൂലവതനത്തിലുള്ളവരെ എങ്ങനെയാണ് ഭഗവാൻ എന്ന് വിളിക്കുക. അവരെ ദേവതായെ നമ: എന്നും ശിവനെ ശിവായ നമ: എന്നുമാണ് പാടുന്നത്, ഇത് മുഖ്യമായ കാര്യമാണ്. പ്രദർശിനികളിൽ മിനിറ്റിന് മിനിറ്റിന് ഒരു കാര്യം തന്നെ മനസ്സിലാക്കിക്കൊടുക്കുക സാധ്യമല്ല. എന്നാൽ ഇത് ഓരോരുത്തർക്കും വളരെ നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കേണ്ടിവരും. നിശ്ചയം ചെയ്യിക്കണം. ആര് വന്നാലും അവരോട് ആദ്യം പറയണം വരൂ നിങ്ങൾക്ക് അച്ഛന്റെ സാക്ഷാത്ക്കാരം ചെയ്യിക്കാം. അച്ഛനിൽ നിന്നുതന്നെയാണ് നിങ്ങൾക്ക്

സമ്പത്ത് ലഭിക്കുന്നത്. അച്ഛൻ തന്നെയാണ് ഗീതയിൽ രാജയോഗം പഠിപ്പിച്ചത്. കൃഷ്ണനല്ല പഠിപ്പിച്ചത്. അച്ഛൻ തന്നെയാണ് ഗീതയുടെ ഭഗവാൻ. ഇതാണ് നമ്പർവൺ കാര്യം. കൃഷ്ണഭഗവാനുവാചാ എന്നല്ല. രുദ്രഭഗവാനുവാചാ അഥവാ സോമനാഥ, ശിവഭഗവാനുവാചാ എന്നാണ് പറയുന്നത്. ഓരോരുത്തരുടേയും ജീവിതകഥ വ്യത്യസ്തമാണ്. ഒന്നിന് മറ്റൊന്നുമായി സാമ്യമുണ്ടാകില്ല. അതിനാൽ ആരുവന്നാലും ഈ കാര്യം മനസ്സിലാക്കിക്കൊടുക്കണം. മനസ്സിലാക്കിക്കൊടുക്കേണ്ട പ്രധാനകാര്യമിതാണ്, പരമപിതാ പരമാത്മാവിന്റെ കർത്തവ്യമിതാണ്. ഇത് അച്ഛനാണ്, ഇത് കുട്ടിയാണ്. അവർ സ്വർഗ്ഗത്തെ സ്ഥാപിക്കുന്ന പിതാവാണ്, ഇത് സ്വർഗ്ഗത്തിലെ രാജകുമാരനാണ്. ഇത് വളരെ വ്യക്തമായി മനസ്സിലാക്കിക്കൊടുക്കണം. മുഖ്യമായത് ഗീതയാണ്, അതിന്റെ ആധാരത്തിലാണ് മറ്റു ശാസ്ത്രങ്ങളെല്ലാം. സർവ്വശാസ്ത്ര ശിരോമണി ഭഗവദ്ഗീതയാണ്. മനുഷ്യർ ചോദിക്കും നിങ്ങൾ വേദങ്ങളേയും ശാസ്ത്രങ്ങളേയും അംഗീകരിക്കുന്നുണ്ടോ? തീർച്ചയായും ഓരോരുത്തരും തന്റെ ധർമ്മശാസ്ത്രത്തെ അംഗീകരിക്കും. എല്ലാ ശാസ്ത്രങ്ങളേയും അംഗീകരിക്കില്ലല്ലോ. തീർച്ചയായും എല്ലാം ശാസ്ത്രങ്ങൾ തന്നെയാണ്. എന്നാൽ ശാസ്ത്രങ്ങളെയെല്ലാം അറിയുന്നതിലുമാദ്യം മുഖ്യമായ കാര്യം സമ്പത്ത് നൽകുന്ന അച്ഛനെ അറിയുക എന്നതാണ്. സമ്പത്ത് ലഭിക്കുന്നത് ശാസ്ത്രങ്ങളിൽ നിന്നല്ല, സമ്പത്ത് ലഭിക്കുന്നത് അച്ഛനിൽ നിന്നാണ്. അച്ഛൻ തരുന്ന ജ്ഞാനം, സമ്പത്ത് ഇവ പുസ്തകമാക്കിയിരിക്കുന്നു. ആദ്യം ഗീതയെ എടുക്കണം. ഗീതയുടെ ഭഗവാൻ ആരാണ്? അതിലാണ് രാജയോഗത്തിന്റെ കാര്യം വരുന്നത്. രാജയോഗം തീർച്ചയായും പുതിയ ലോകത്തിനുവേണ്ടിയായിരിക്കും. ഭഗവാൻ വന്ന് എന്തായാലും പതിതമാക്കില്ലല്ലോ. ബാബയ്ക്ക് പാവനമായ മഹാരാജാവാക്കിയാണ് മാറ്റേണ്ടത്. ആദ്യമാദ്യം അച്ഛന്റെ പരിചയം നൽകണം അതിനുശേഷം ഇത് എഴുതിപ്പിക്കണം– ഇത് നമ്മുടെ അച്ഛനാണ് എന്നത് ഞാൻ തീർച്ചയായും നിശ്ചയം ചെയ്യുന്നു. ആദ്യം മനസ്സിലാക്കിക്കൊടുക്കണം ശിവായ നമഃ, അങ്ങുതന്നെ മാതാപിതാ.......... ഈ മഹിമകൾ മുഴുവൻ ആ അച്ഛന്റേതുതന്നെയാണ്. ഭഗവാന് ഭക്തിയുടെ ഫലം ഇവിടെവന്നുവേണം നൽകാൻ. ഭക്തിയുടെ ഫലം എന്താണ്, എന്നത് നിങ്ങളിപ്പോൾ മനസ്സിലാക്കിയിരിക്കുന്നു. ആരാണോ വളരെയധികം ഭക്തി ചെയ്തത് അവർക്കാണ് ഫലം ലഭിക്കുന്നത്. ഈ കാര്യങ്ങൾ ഒരു ശാസ്ത്രത്തിലുമില്ല. നിങ്ങളും സമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ് അറിയുന്നത്. നിങ്ങളുടെ പരിധിയില്ലാത്ത മാതാപിതാവ് അവരാണ് എന്ന് മനസ്സിലാക്കിത്തരുന്നു. ജഗദംബ, ജഗദ്പിതാവ് എന്നു പാടുന്നുണ്ട്. ആദം, ഈവ് ഇവരെ മനുഷ്യർ മനസ്സിലാക്കുന്നുണ്ട്. ഈവിനേയാണ് മാതാവ് എന്നു പറയുന്നത്. യഥാർത്ഥത്തിൽ ഈവ് ആരാണ് എന്നത് ആർക്കും അറിയില്ല. അച്ഛൻ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്. ങാ, ആരും പെട്ടെന്നൊന്നും മനസ്സിലാക്കില്ല. പഠിപ്പിൽ സമയം എടുക്കും. പഠിച്ച് പഠിച്ച് അവസാനം വക്കീലായി മാറും. പ്രഥമലക്ഷ്യം തീർച്ചയായുമുണ്ട്, ദേവതയായി മാറണമെങ്കിൽ ആദ്യമാദ്യം അച്ഛന്റെ പരിചയം നൽകണം. പാടുന്നുമുണ്ട് അങ്ങ് തന്നെയാണ് മാതാവും പിതാവും........... എന്നിട്ട് പിന്നീട് രണ്ടാമത് ഇങ്ങനെ പറയുന്നു പതിതപാവനാ വരൂ. എങ്കിൽ പതിതലോകമെന്നും പാവനലോകമെന്നും എന്തിനേയാണ് പറയുന്നത്, എന്താ കലിയുഗം ഇനിയും 40000 വർഷം ഉണ്ടാവുമോ? ശരി, എന്തായാലും പാവനമാക്കി മാറ്റുന്നത് ഒരച്ഛൻ തന്നെയല്ലേ. സ്വർഗ്ഗം സ്ഥാപിക്കുന്നത് സ്വർഗ്ഗസ്ഥനായ പിതാവാണ്. കൃഷ്ണന് സ്ഥാപിക്കാൻ കഴിയില്ല. കൃഷ്ണൻ സമ്പത്ത് എടുക്കുന്നയാളാണ്. ശ്രീകൃഷ്ണൻ സ്വർഗ്ഗത്തിലെ രാജകുമാരനും ശിവബാബ സ്വർഗ്ഗത്തിന്റെ രചയിതാവുമാണ്. കൃഷ്ണൻ രചനയാണ്, ആദ്യത്തെ രാജകുമാരൻ. ഇത് വളരെ വ്യക്തമായി വലിയ വലിയ അക്ഷരങ്ങളിൽ എഴുതിവെയ്ക്കണം, എങ്കിൽ നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സഹജമാകും. രചയിതാവിന്റേയും രചനയുടേയും കാര്യം മനസ്സിലാകും. രചയിതാവാണ് ജ്ഞാനസാഗരൻ. അവർ തന്നെയാണ് രാജയോഗം പഠിപ്പിക്കുന്നത്. ഭഗവാൻ ഒരു രാജാവൊന്നുമല്ല, ബാബ രാജയോഗം പഠിപ്പിച്ച് രാജാക്കന്മാരുടേയും രാജാവാക്കി മാറ്റുന്നു. ഭഗവാൻ രാജയോഗം പഠിപ്പിച്ചു, കൃഷ്ണൻ രാജ്യപദവി പ്രാപ്തമാക്കി, കൃഷ്ണൻ തന്നെയാണ് പിന്നീട് രാജ്യം നഷ്ടപ്പെടുത്തിയതും അതിനാൽ അവർക്കുതന്നെ വീണ്ടും രാജ്യം നേടണം. ചിത്രങ്ങളിലൂടെ വളരെ സഹജമായി മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. അച്ഛന് തീർച്ചയായും കർത്തവ്യമുണ്ടാകും. ശ്രീകൃഷ്ണന്റെ പേര് വെച്ചതുകാരണം ഭാരതം കക്കയ്ക്കുതുല്യമായി മാറി. ശിവബാബയെ അറിയുന്നതിലൂടെ ഭാരതം വജ്രതുല്യമായി മാറും. പക്ഷേ  ഇത് എന്റെ അച്ഛനാണ് എന്നത് ബുദ്ധിയിൽ ഇരിക്കണം അപ്പോഴേ ആയിമാറൂ. അച്ഛൻ തന്നെയാണ് ആദ്യമാദ്യം സ്വർഗ്ഗം രചിച്ചത്. ഇപ്പോഴാണെങ്കിൽ പഴയ ലോകമാണ്. രാജയോഗം ഗീതയിലുണ്ട്. വിദേശികൾ പോലും രാജയോഗം അഭ്യസിക്കാൻ ആഗ്രഹിക്കുന്നു. ഗീതയിൽ നിന്ന് തന്നെയാണ് പഠിച്ചത്. ഇപ്പോൾ നിങ്ങൾ അറിഞ്ഞുകഴിഞ്ഞു, അച്ഛൻ ആരാണ് എന്നത് മറ്റുള്ളവർക്കും മനസ്സിലാക്കിക്കൊടുക്കാൻ പരിശ്രമിക്കുകയാണ്. അച്ഛൻ സർവ്വവ്യാപിയല്ല. അഥവാ സർവ്വവ്യാപിയാണെങ്കിൽ പിന്നെങ്ങിനെ രാജയോഗം പഠിപ്പിക്കും? ഈ തെറ്റിലേയ്ക്ക് വളരെ ചിന്തിക്കണം. ആരാണോ സേവനത്തിൽ തല്പരരായിരിക്കുന്നത് അവരുടെ ബുദ്ധിയാണ് പ്രവർത്തിക്കുക. അച്ഛന്റെ ശ്രീമതത്തിലൂടെ നടക്കുമ്പോഴേ ധാരണയുണ്ടാകൂ, അശരീരിയാവുമ്പോൾ, മന്മനാഭവയാകുമ്പോൾ, പതിവ്രത അഥവാ പിതാവ്രതയായിമാറും അർത്ഥം സൽപുത്രരായി മാറും.

അച്ഛൻ ആജ്ഞ നൽകുകയാണ് എത്രത്തോളം സാധിക്കുമോ അത്രയും ഓർമ്മയെ വർദ്ധിപ്പിക്കൂ. ദേഹാഭിമാനത്തിലേയ്ക്ക് വരുന്നതിലൂടെ നിങ്ങൾ ഓർമ്മിക്കുന്നില്ല, ബുദ്ധി പവിത്രമാകുന്നുമില്ല. സിംഹിണിയുടെ പാൽ സൂക്ഷിക്കാൻ സ്വർണ്ണപാത്രം തന്നെവേണമെന്ന് പറയാറുണ്ട്. ഇവിടെയാണെങ്കിൽ പിതാവ്രതാ പാത്രം വേണം. അവ്യഭിചാരി പിതാവ്രത വളരെ കുറച്ചുപേരേയുള്ളൂ. ചിലർക്ക് തീർത്തും അറിയില്ല. ചെറിയ കുട്ടികളെപ്പോലെയാണ്. ഇരിക്കുന്നത് ഇവിടെത്തന്നെയാണ് എന്നാൽ ഒന്നും മനസ്സിലാക്കുന്നില്ല. കുട്ടികളെ ചെറുപ്പത്തിൽ തന്നെ വിവാഹം കഴിപ്പിക്കാറില്ലേ അതുപോലെ. മടിയിൽ കുട്ടിയെ ഇരുത്തി കല്ല്യാണം കഴിപ്പിക്കുന്നു. പരസ്പരം നല്ല സുഹൃത്തുക്കളായിരിക്കും. വളരെ പ്രേമമുണ്ടാകും അപ്പോൾ പെട്ടെന്ന് കല്ല്യാണം കഴിപ്പിക്കും ഇതും അതുപോലെയാണ്. വിവാഹനിശ്ചയം ചെയ്യണം പക്ഷേ ഒന്നും മനസ്സിലാക്കുന്നില്ല. നമ്മൾ മമ്മാ-ബാബയുടേതായി മാറിയിരിക്കുന്നു, അവരിൽ നിന്നും സമ്പത്ത് എടുക്കണം. ഇതൊന്നും അറിയില്ല. അത്ഭുതമല്ലേ. 5-6 വർഷം ഇരുന്നിട്ടും പിന്നീട് അച്ഛനെ അഥവാ പതിയെ ഉപേക്ഷിക്കുന്നു. മായ അത്രയും ബുദ്ധിമുട്ടിക്കുന്നു.

അതിനാൽ ആദ്യമാദ്യം കേൾപ്പിക്കണം- ശിവായ നമ: ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരുടേയും രചയിതാവ് ശിവനാണ്. ജ്ഞാനസാഗരൻ ഈ ശിവനാണ്. എങ്കിൽ ഇപ്പോൾ എന്താണ് ചെയ്യേണ്ടത്? ചിത്രത്തിൽ ത്രിമൂർത്തികൾക്കരികിൽ കുറച്ച് സ്ഥലമുണ്ട്, അവിടെ എഴുതണം ശിവബാബയുടേയും ശ്രീകൃഷ്ണന്റേയും കർത്തവ്യങ്ങൾതന്നെ വ്യത്യസ്തമാണ്. ആദ്യം ഈ കാര്യം മനസ്സിലാക്കുമ്പോഴേ കവാടം തുറക്കൂ. പിന്നെ പഠിപ്പ് ഭാവിയിലേയ്ക്കാണ്. ഇങ്ങനെയുള്ള പഠിപ്പ് മറ്റൊന്നില്ല. ശാസ്ത്രങ്ങളിലൂടെ ഈ അനുഭവം ഉണ്ടാകില്ല. നിങ്ങളുടെ ബുദ്ധിയിലുണ്ട് നമ്മൾ പഠിക്കുന്നത് സത്യയുഗത്തിന്റെ ആദിയിലേയ്ക്കായാണ്. സ്ക്കൂൾ പൂർത്തിയാകും നമ്മുടെ ഫൈനൽ പേപ്പറുണ്ടാകും. പോയി രാജ്യം ഭരിക്കും. ഗീത കേൾപ്പിക്കുന്നവർക്ക് ഇങ്ങനെയുള്ള കാര്യങ്ങൾ മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ആദ്യം അച്ഛനെ അറിയണം. അച്ഛനിൽ നിന്നും സമ്പത്ത് എടുക്കണം. അച്ഛൻ തന്നെയാണ് ത്രികാലദർശി. അല്ലാതെ ഈ ലോകത്തിൽ ത്രികാലദർശിയായി ആരുമില്ല. വാസ്തവത്തിൽ ആരാണോ പൂജ്യരായിരുന്നത് അവർ തന്നെയാണ് പിന്നീട് പൂജാരിയായി മാറുന്നത്. ഭക്തിയും നിങ്ങൾ തന്നെയാണ് ചെയ്തത്, ബാക്കി ആർക്കും ഇത് അറിയില്ല. ആരാണോ ഭക്തി ചെയ്തത് അവരാണ് ആദ്യ നമ്പറിൽ ബ്രഹ്മാവും ബ്രഹ്മാമുഖവംശാവലികളുമാകുന്നത്. നിങ്ങൾ തന്നെയാണ് പൂജ്യരായി മാറുന്നത്. ആദ്യ നമ്പറിലേ പൂജ്യൻ തന്നെയാണ് പിന്നീട് ആദ്യ നമ്പറിൽ പൂജാരിയായി മാറുന്നത്, എന്നിട്ട് വീണ്ടും പൂജ്യനാകുന്നു. ഭക്തിയുടെ ഫലവും ആദ്യം അവർക്കാണ് ലഭിക്കുക. ബ്രാഹ്മണർ തന്നെയാണ് പഠിച്ച് പിന്നീട് ദേവതയായി മാറുന്നത്- ഇത് എവിടെയും എഴുതിവെച്ചിട്ടില്ല. ഭീഷ്മപിതാമഹൻ മുതലായവർക്ക് മനസ്സിലായിട്ടുണ്ടല്ലോ ഇവരിലൂടെ ജ്ഞാനബാണം എയ്യുന്നത് മറ്റാരോ ആണെന്നത്. തീർച്ചയായും മനസ്സിലാക്കും എതോ ശക്തിയുണ്ട്. ഇപ്പോൾതന്നെ പറയുന്നുണ്ട് ഇവരെ പഠിപ്പിക്കുന്ന എന്തോ ഒരു ശക്തിയുണ്ട്.

അച്ഛൻ കാണുകയാണ് ഇതെല്ലാം എന്റെ കുട്ടികളാണ്. ഈ കണ്ണിലൂടെതന്നെയാണ് കാണുക. എപ്പോഴാണോ ശ്രാദ്ധമൂട്ടുന്നത് അപ്പോൾ ആത്മാവ് വരുന്നു, വന്ന് നോക്കുന്നു- ഇത് ഇന്നയാളാണ്. കഴിക്കുമ്പോൾ കണ്ണുകളെല്ലാം അവരുടേത് പോലെയാവും. തല്ക്കാലത്തേയ്ക്ക് ലോൺ എടുക്കുന്നു. ഇത് ഭാരതത്തിൽ തന്നെയാണ് സംഭവിക്കുന്നത്. പ്രാചീന ഭാരതത്തിൽ ആദ്യമാദ്യം രാധാ-കൃഷ്ണന്മാരായിരുന്നു ഉണ്ടായിരുന്നത്. അവർക്ക് ജന്മം നൽകിയവരെ ഇത്രയും ശ്രേഷ്ഠരായി അംഗീകരിക്കുന്നില്ല. അവർ കുറഞ്ഞമാർക്കിലാണ് പാസായത്. മഹിമ ആരംഭിക്കുന്നത് കൃഷ്ണനിൽ നിന്നാണ്. രാധാ-കൃഷ്ണൻ രണ്ടുപേരും അവരവരുടെ രാജധാനിയിലാണ് ജന്മമെടുക്കുന്നത്. അവരുടെ മാതാപിതാക്കളെക്കാൾ പേരും പ്രശസ്തിയും കൂടുതൽ അവരുടെ കുട്ടികൾക്കാണ്. എത്ര അത്ഭുതകരമായ കാര്യമാണ്. ഗുപ്തമായ സന്തോഷം ഉണ്ടാകും. അച്ഛൻ പറയുന്നു ഞാൻ സാധാരണ ശരീരത്തിലാണ് വരുന്നത്. ഇത്രയും മാതാക്കളെ സംരക്ഷിക്കണം അതിനാൽ സാധാരണ ശരീരത്തിലാണ് വരുന്നത്, ഇവരിലൂടെയാണ് ചിലവുകൾ നടക്കുന്നത്. ശിവബാബയുടെ ഭണ്ഡാരയാണ്. അവിനാശീ ജ്ഞാനരത്നങ്ങളുടെ നിഷ്കളങ്കനായ ഭണ്ഡാരിയുമാണ് ഒപ്പം ദത്തെടുത്ത കുട്ടികളുടെ സംരക്ഷണവും നടന്നുവരുന്നു. ഇത് കുട്ടികൾക്കുമാത്രമേ അറിയൂ.

തുടക്കത്തിൽ ആദ്യമാദ്യം പറയൂ, ശിവഭഗവാന്റെ വാക്കുകളാണ്- അവർ സർവ്വരുടേയും രചയിതാവാണ് പിന്നീട് ജ്ഞാനസാഗരൻ, ഈശ്വരീയ പിതാവ് എന്നെല്ലാം കൃഷ്ണനെ എങ്ങനെ പറയാൻ സാധിക്കും? എഴുതുന്നത് ഇത്രയും വ്യക്തമായിരിക്കണം അത് വായിക്കുന്നയാളിന്റെ ബുദ്ധിയിൽ നല്ലരീതിയിൽ ഇരിക്കണം. ചിലർക്ക് രണ്ടാ മൂന്നോ വർഷങ്ങളെടുക്കും മനസ്സിലാക്കുന്നതിന്. ഭഗവാന് വന്ന് ഭക്തിയുടെ ഫലം നൽകണം. ബ്രഹ്മാവിലൂടെ അച്ഛൻ യജ്ഞം രചിച്ചിരിക്കുകയാണ്. ബ്രാഹ്മണരെ പഠിപ്പിച്ചു, ബ്രാഹ്മണരിൽ നിന്നും ദേവതയാക്കി മാറ്റി. വീണ്ടും താഴേയ്ക്ക് വരുകതന്നെ വേണം. ഇത് മനസ്സിലാക്കുന്നതി

നുള്ള വളരെ നല്ലകാര്യങ്ങളാണ്. ആദ്യം ഈ കാര്യം സിദ്ധമാക്കണം- ശ്രീകൃഷ്ണൻ സ്വർഗ്ഗത്തിലെ രാജകുമാരനാണ്, സ്വർഗ്ഗസ്ഥനായ പിതാവല്ല. സർവ്വവ്യാപി എന്ന ജ്ഞാനത്തിലൂടെ തീർത്തും തമോപ്രധാനമായി മാറി. ആരാണോ ചക്രവർത്തീപദം നൽകിയത് അവരെ മറന്നു. കല്പ- കല്പം ബാബ രാജ്യം നൽകുന്നു പിന്നീട് നമ്മൾ ബാബയെ മറക്കുന്നു. വളരെ അത്ഭുതം തോന്നുന്നു. മുഴുവൻ ദിവസവും സന്തോഷം കൊണ്ട് നൃത്തം ചെയ്യണം. ബാബ നമ്മളെ വിശ്വത്തിന്റെ അധികാരികളാക്കുകയാണ്. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1. അവ്യഭിചാരീ പിതാവ്രതയായിരിക്കണം. ഓർമ്മയെ വർദ്ധിപ്പിച്ച് ബുദ്ധിയെ പവിത്രമാക്കി മാറ്റണം.

2. അച്ഛന്റെ പരിചയം യുക്തിയുക്തമായി നൽകുന്നതിനുള്ള വിധികൾ കണ്ടെത്തണം. വിചാരസാഗര മഥനം ചെയ്ത് അല്ലാഹുവിനെ തെളിയിച്ച് കൊടുക്കണം. നിശ്ചയബുദ്ധിയായി മാറി സേവനം ചെയ്യണം.

## വരദാനം:- സ്വ ചിന്തനത്തിലൂടെ വിശ്വ പരിവർത്തനത്തിന് നിമിത്തമായി മാറുന്ന ശ്രേഷ്ഠ സേവാധാരിയായി ഭവിക്കട്ടെ.

താങ്കൾ കുട്ടികൾ സ്വ പരിവർത്തനത്തിലൂടെ വിശ്വ പരിവർത്തനം നടത്തുന്നതിന്റെ കരാർ എടുത്തിരിക്കുകയാണ്. സ്വ പരിവർത്തനം തന്നെയാണ് വിശ്വ പരിവർത്തനത്തിന്റെ ആധാരം. സ്വ പരിവർത്തനമില്ലാതെ ഏതൊരു ആത്മാവിനെയും പ്രതി എത്ര തന്നെ പ്രയത്നിച്ചാലും പരിവർത്തനപ്പെടുകയില്ല, എന്തുകൊണ്ടെന്നാൽ ഇക്കാലത്ത് കേവലം കേൾക്കുന്നതിലൂടെ പരിവർത്തനപ്പെടുകയില്ല മറിച്ച്, കാണുന്നതിലൂടെ പരിവർത്തനപ്പെടുന്നു. പല ബന്ധനം സൃഷ്ടിക്കുന്നവർ പോലും ജീവിതത്തിന്റെ പരിവർത്തനം കണ്ട് പരിവർത്തപ്പെടുന്നു. അതിനാൽ ചെയ്ത് കാണിക്കൂ, പരിവർത്തനം ചെയ്ത് കാണിക്കുക തന്നെയാണ് ശ്രേഷ്ഠ സേവാധാരിയാകുക.

## സ്ലോഗൻ:- സമയം, സങ്കൽപം, വാക്ക് ഇവയുടെ ഊർജ്ജത്തെ വെയ്സ്റ്റിൽ നിന്ന് ബെസ്റ്റിലേക്ക് മാറ്റൂ എങ്കിൽ ശക്തിശാലിയായി മാറും.